1B5N19298 (Pages : 3) Reg. No:..........................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2019**

**BMAL5B09 – Malayala Sahithya Vimarshanam**

(2017 Admission onwards)

Time: 3 hours Max. Marks: 80

**A. എല്ലാ ചോദ്യങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരമെഴുതുക**

1. 'കേരള കലകളും ഫ്യൂച്ചറിസവും' എന്ന ലേഖനം ഏത് കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ് ?
2. അധഃപതനമാണ് ഹാസ്യത്തിന് നിദാനമാകുന്നതെന്ന് പറഞ്ഞത് ആര് ?
3. കേരള വാല്മീകി എന്ന ബിരുദത്തിന് അർഹനായ കവി
   (കുമാരനാശാൻ, ഉള്ളൂർ, എസ് പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ)
4. മലയാളത്തിലെ ആധുനിക നിരൂപണ പ്രസ്ഥാനത്തിന് മാർഗ്ഗദർശനം നൽകിയത് വിദ്യാവിനോദിനി പത്രാധിപരായിരുന്ന ................ആണ് ?
5. 'കറുപ്പിന്റെ സൗന്ദര്യശാസ്ത്രം' എന്ന സാഹിത്യ വിമർശന കൃതി എഴുതിയതാര് ?
6. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ കുട്ടികൃഷ്ണമാരാരുടെ കൃതി ?
   (സാഹിത്യ വിദ്യ, കല ജീവിതം തന്നെ, രാജാങ്കണം)
7. അനുസരണക്കേടാണ് ഏറ്റവും നല്ല സ്വഭാവം എന്ന് പറഞ്ഞത് .......... ആണ്.
8. മലയാളത്തിലെ ഏറ്റവും അഴകുള്ള ഉപരിതലങ്ങൾ മേതിലിന്റെ രചനകൾക്കാണ് ഉള്ളത് . ആരുടെ അഭിപ്രായമാണിത് ?
9. മണിപ്രവാളകാവ്യങ്ങളിൽ ആപണം,
   ആപണശ്രേണി എന്നെല്ലാം പറയുന്നത് എന്തിനെയാണ് ?
10. 'ജാതിയെന്ന രാക്ഷസനെ വധിക്കാതെ നിങ്ങൾക്ക് സാമൂഹിക പരിഷിക്കാരവും, സാമ്പത്തിക പരിഷ്ക്കാരവും സാധ്യമല്ല' ആരുടെ വാക്കുകൾ ?
    (ഫൂലെ, അംബേദ്ക്കർ, കാൻഷിറാം)
11. ചെമ്മീൻ ഒരു നിരൂപണം എന്ന കൃതി എഴുതിയതാര് ?
12. ഗാന്ധിജി സ്വരാജ്യത്തെ വിളിച്ചത് .......... എന്നാണ് ?

(12 x 1 = 12)

**B.** **എഴ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

13. വോർട്ടിസിസം എന്നാൽ എന്ത് ?
14. 'കാരണം കാട്ടിൽ കാര്യം തോട്ടത്തിൽ' വിവക്ഷിതമെന്ത് ?
15. പൊട്ടുമോ എന്നുറപ്പില്ലാതെ എം.ടി. പൊട്ടിച്ച ഒറ്റപ്പടക്കം എന്തായിരുന്നു ?
16. ഇന്ത്യയിൽ നിലവിലുള്ള സംവരണത്തെക്കുറിച്ച് എം ഗോവിന്ദന്റെ അഭിപ്രായമെന്താണ് ?
17. തിരഞ്ഞെടുപ്പിൽ തള്ളലുമുണ്ട്, കൊള്ളലുമുണ്ട് - ഈ പ്രസ്ഥാവനയിലൂടെ എം തോമസ് മാത്യു അർത്ഥമാക്കുന്നതെന്ത് ?
18. വിമർശനം എന്നത്കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
19. ബാലരാമായണവും ചിന്താവിഷ്ടയായ സീതയും തമ്മിലുള്ള പ്രധാന വ്യത്യാസമെന്ത് ?
20. കെ.പി. അപ്പൻ എഴുത്തുകാരൻ ഹെർമർ ഹെസ്സെയുടെ 'സിദ്ധാർത്ഥ' എന്ന നോവലിലെ നായകനെപോലെ ആയിരിക്കണം എന്ന് പറയുന്നതിന് കാരണമെന്ത് ?

(7 x 2 = 14)

**C.** **ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക**

21. ഹാസ്യത്തിന്റെ ഉൽപത്തിയെക്കുറിച്ച് ഫ്രഞ്ച് ചിന്തകനായ ബെർഗ്സൺ (Bergson) അഭിപ്രായപ്പെട്ടത് എന്തെല്ലാം ?
22. 'ചക്കിനുവെച്ചത് യാദൃശ്ചികമായി കൊക്കിന് കൊണ്ടതല്ല , കരുതിക്കൂട്ടി കൊക്കിനെക്കൊണ്ട് ചക്കിനെ പിടിപ്പിച്ചതു തന്നെയാണ് ' അഴീക്കോട് എന്തിനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?
23. അങ്ങാടി വ്യാപാരത്തിൽ ഒരു ഭാഷയ്ക്കും ആധികാരികതയില്ല വിലയിരുത്തുക ?
24. വേലുക്കുട്ടി അരയന്റെ ചെമ്മീൻ നിരൂപണം മലയാളസാഹിത്യ ചരിത്രത്തിൽ അടയാളപ്പെടുത്താതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുക ?
25. മലയാള നിരൂപണ രംഗത്ത് സി.പി. അച്യുതമേനോന്റെയും, കേരളവർമ്മ വലിയ കോയി തമ്പുരാന്റെയും സംഭാവനകൾ വിലയിരുത്തുക ?
26. 'അൺ പോപ്പുലർ' എഴുത്തുകാരനാണു മേതിൽ എന്ത് കൊണ്ട് ?

(5 x 6 = 30)

**D.** **ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക**

27. ഫ്യൂച്ചറിസത്തിന്റെ സവിശേഷതകളെയും കേരളീയ സുന്ദരകലകളിൽ അതിന്റെ പ്രയോഗ സാധ്യതകളേയും കേസരി നിരീക്ഷിക്കുന്നതെങ്ങനെ ?

28. ''പ്രാചീന കവികളും അവരവരുടെ കാലത്തിന്റെ കൈയിൽ ഏറെക്കുറെ കളിപന്തുകളായിരുന്നു, സമകാലിക സാമൂഹ്യ മര്യാദകളുടെ പിടിയിൽ നിന്നും കുതറിച്ചാടുവാൻ അത്രയൊന്നും അവർക്ക് സാധിച്ചിട്ടില്ല'' - ജോസഫ് മുണ്ടശ്ശേരിയുടെ ഈ അഭിപ്രായം ശരിയോ ? സമർത്ഥിക്കുക ?

29. മതമേധാവിത്വം, ഏകാധിപത്യം, സമഗ്രാധിപത്യം എന്തിനേറെ ജനാധിപത്യം പോലും സൃഷ്ടിയുടെമേൽ അധികാരദണ്ഡ് പ്രയോഗിക്കുന്നുണ്ട്. വിശകലനം ചെയ്യുക ?

30. വൈലോപ്പിള്ളി കവിതയിൽ ദർശിക്കാവുന്ന ഏനൽ എറോട്ടിക് സ്വഭാവ സവിശേഷതകൾ എന്തെല്ലാമാണ് എം.എൻ. വിജയന്റെ സഹ്യന്റെ മകൻ എന്ന ലേഖനത്തെ മുൻ നിർത്തി വിശദമാക്കുക ?

(3 x 8 = 24)